പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.2788

20/03/2015 ൽ
മറുപടി നൽകേണ്ടിയിരുന്നത്

## പത്തനംതിട്ട ജില്ലയിൽ പട്ടയം ലഭിക്കാനുള്ള കൈവശകൃഷിക്കാർ

ചോദ്യം
ശ്രീ.രാജു എബ്രഹാം

മറുപടി
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

എ) പത്തനംതിട്ട ജില്ലയിൽ 1-1-1977 -ന് മുമ്പുള്ള കൈവശകൃഷിക്കാരിൽ എത്ര പേർക്കാണ് ഇനിയും പട്ടയം ലഭിക്കാനുള്ളത് ; ഇവരുടെ എത്ര ഭൂമിയ്ക്കാണ് പട്ടയം നൽകേണ്ടതെന്ന കണക്ക് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ ;

എ) പത്തനംതിട്ട ജില്ലയിൽ 1.1.1977 ന് മുമ്പുള്ള വനഭൂമി കൈയ്യേറ്റക്കാർക്ക് പട്ടയം നൽകിയിട്ടില്ല. 6917 പേർക്ക് 1.1.1977 ന് മുമ്പ് കൈവശം വച്ചിരിക്കുന്ന വനഭൂമിയ്ക്ക് പട്ടയം നൽകാനുണ്ട്. സംയുക്ത പരിശോധന ലിസ്റ്റ് പ്രകാരം പട്ടയം നൽകേണ്ട കൈവശങ്ങളുടെ വിസ്തീർണ്ണം വില്ലേജ് തിരിച്ച് ചുവടെ ചേർക്കുന്നു.

| വില്ലേജ് | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| കൊല്ലമുള | 123.99.19 |
| പെരുനാട് | 63.36.00 |
| വടശ്ശേരിക്കര | 9.64.00 |
| അത്തിക്കയം | 26.73.18 |
| ചിറ്റാർ | 1362.27.63 |
| തണ്ണിത്തോട് | 207.87.00 |
| അരുവാപ്പുലം | 143.63.91 |
| കോന്നിതാഴം | 14.32.00 |
| കലഞ്ഞൂർ | 02.63.96 |
| പെരുമ്പെട്ടി | 104.15.00 |
| ആകെ | 2058.61.87 |

| | | | |
|---|---|---|---|
| ബി) | ഈ ഓരോ സ്ഥലങ്ങളിലേയും പട്ടയം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് ഇനംതിരിച്ച് വിശദമാക്കാമോ ; ഇതിൽ ഏതൊക്കെ പ്രദേശങ്ങളിലെ കൈവശകൃഷിക്കാർക്കാണ് ഉടൻ പട്ടയം ലഭിക്കുക; ഇവർക്ക് ഉപാധിരഹിത പട്ടയമാണോ ഉപാധികളോടെയുള്ള പട്ടയമാണോ ലഭിക്കുക ; എന്തൊക്കെ ഉപാധികളാകും പട്ടയത്തിൽ ഉണ്ടാവുക എന്ന് വ്യക്തമാക്കാമോ ? | ബി) | ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുള്ള പ്രദേശങ്ങളിൽ പട്ടയം നൽകുന്നതിന് നിലവിലെ കൈവശങ്ങൾ തിട്ടപ്പെടുത്തേണ്ടതായിട്ടുണ്ട്. ആയതിന്റെ നടപടികൾ നടന്നുവരുന്നു. പതിച്ചു കൊടുക്കേണ്ട വനഭൂമിയ്ക്ക് പകരം വനവത്ക്കരണത്തിനായി വനം വകുപ്പിനു ഭൂമി കൈമാറിയാൽ മാത്രമേ പട്ടയം നൽകാൻ കഴിയുകയുള്ളൂ. പ്രസ്തുത നടപടിക്രമങ്ങളുടെ പൂർത്തീകരണത്തിനു ശേഷം നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി മാത്രമേ ഉപാധികൾ സംബന്ധിച്ച വിഷയം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ. |
| സി) | പമ്പാവാലി പോലെയുള്ള പ്രദേശങ്ങളിൽ നൽകിയ പട്ടയങ്ങളിൽ ഉപാധിയുള്ളതുമൂലം കർഷകർക്ക് വസ്തു പണയത്തിന്മേൽ വായ്പകൾ നൽകാൻ ബാങ്കുകൾ തയ്യാറാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) | ഉണ്ട്. |
| ഡി) | തുടർന്ന് നൽകുന്ന പട്ടയങ്ങൾ ഉപാധിരഹിത പട്ടയങ്ങളാക്കി നൽകുമോ ; ഇതിനായി എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ? | ഡി) | നിലവിലെ കൈവശങ്ങൾ തിട്ടപ്പെടുത്തുന്ന നടപടികൾ പൂർത്തിയായ ശേഷം മാത്രമേ പട്ടയം അനുവദിക്കുന്ന വിഷയത്തിൽ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

Byju

സെക്ഷൻ ഓഫീസർ